**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2855** **28-02-2023 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങളുടെ കണക്കെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകൾക്ക് കീഴിൽ വനത്തിനുള്ളിലെ വന്യമൃഗങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിലാണ് കണക്കെടുപ്പ് നടത്തിയതെന്നും ഏതെല്ലാം വന്യമൃഗങ്ങളുടെ കണക്കുകളാണ് ശേഖരിച്ചതെന്നും അറിയിക്കാമോ; | (എ) | 2011 ൽ കേരള സംസ്ഥാനത്ത് വന്യജീവി കണക്കെടുപ്പിന്റെ ഭാഗമായി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിൽ പ്രധാനപ്പെട്ട സസ്തനികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. തുടർന്ന് 2012 ലും 2017 ലും കേരളത്തിൽ ആനകളുടെ കണക്കെടുപ്പ് നടത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ഡിവിഷനുകളിൽ ആനകളുടെ കണക്കെടുപ്പും, 2018 ൽ ആൾ ഇന്ത്യാ ടൈഗർ എസ്റ്റിമേഷന്റെ ഭാഗമായി കടുവകളുടെ കണക്കെടുപ്പും നടത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഡിവിഷനുകൾക്ക് കീഴിൽ 2010 മുതലുള്ള കാലയളവിലെ ആനകളുടെ എണ്ണം വർഷവും റെയിഞ്ചും തിരിച്ച് ലഭ്യമാക്കാമോ; 2010 മുതൽ 2023 വരെയുള്ള കാലയളവിൽ ആനകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് എത്രയെന്നും ഇത് എത്ര ശതമാനം വരുമെന്നും അറിയിക്കാമോ; | (ബി) | മേൽ നടത്തിയ കണക്കെടുപ്പ് പ്രകാരം പ്രസ്തുത ഡിവിഷനുകളിലെ ആനകളുടെ എസ്റ്റിമേഷൻ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത ഡിവിഷനുകൾക്ക് കീഴിൽ അവസാനമായി നടത്തിയ കണക്കെടുപ്പിൽ ആനകളെ കൂടാതെ എത്ര വന്യമൃഗങ്ങളുണ്ടെന്ന് റെയിഞ്ചുകൾ തിരിച്ച് വിവരം ലഭ്യമാക്കാമോ; ഇതിനായി അവലംബിക്കുന്നത് ഏത് വർഷം എടുത്ത വന്യമൃഗങ്ങളുടെ കാനേഷുമാരി കണക്കുകളാണെന്ന് അറിയിക്കാമോ; | (സി) | 2011 ൽ കേരള സംസ്ഥാനത്ത് പ്രധാനപ്പെട്ട സസ്തനികളുടെ കണക്കെടുപ്പിന്റെ ഭാഗമായി നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷനുകളിൽ നടത്തിയ വന്യജീവി കണക്കെടുപ്പിൽ പ്രസ്തുത ഡിവിഷനുകളിൽ കണ്ടെത്തിയ മറ്റ് മൃഗങ്ങളുടെ എസ്റ്റിമേഷൻ അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഡി) | വനത്തിനുള്ളിലെ ഓരോ ആനകളുടെയും ആവാസത്തിന് എത്ര വിസ്തീർണ്ണം സ്ഥലമാണ് വനംവകുപ്പ് കണക്കാക്കിയിട്ടുള്ളതെന്നും മലപ്പുറം ജില്ലയിൽ ആകെയുള്ള വനഭൂമിയുടെ വിസ്തീർണ്ണവും അവസാനത്തെ കണക്കെടുപ്പിൽ വനത്തിനുള്ളിലെ ആനകളുടെ എണ്ണവും റെയിഞ്ചുകൾ തിരിച്ച് ലഭ്യമാക്കാമോ? | (ഡി) | വനത്തിനുള്ളിലെ ഓരോ ആനകളുടെയും ആവാസത്തിനുള്ള വിസ്തീർണ്ണം കണക്കാക്കിയിട്ടില്ല. മലപ്പുറം ജില്ലയിൽ ഈ സർക്കിളിന്റെ പരിധിയിലുള്ള നിലമ്പൂർ നോർത്ത് ഡിവിഷന്റെ വിസ്തീർണ്ണം 439.95 ച.കി.മീറ്ററും, നിലമ്പൂർ സൗത്ത് ഡിവിഷന്റെ വിസ്തീർണ്ണം 323.37 ച.കി.മീറ്ററുമാണ്. റേഞ്ച് തിരിച്ചുള്ള ആനകളുടെ എണ്ണം ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| വർഷം | ഡിവിഷൻ | എസ്റ്റിമേഷൻ |
|---|---|---|
| 2011 | നിലമ്പൂർ നോർത്ത് | 88 |
| | നിലമ്പൂർ സൗത്ത് | 126 |
| 2012 | നിലമ്പൂർ നോർത്ത് | 162 |
| | നിലമ്പൂർ സൗത്ത് | 289 |
| 2017 | നിലമ്പൂർ നോർത്ത് | 93 |
| | നിലമ്പൂർ സൗത്ത് | 269 |

# അനുബന്ധം-2

| ക്രമ നം. | സ്പീഷീസ് | നിലമ്പൂർ നോർത്ത് | നിലമ്പൂർ സൗത്ത് |
|---|---|---|---|
| 1. | Lion tailed macaque | 0 | 12 |
| 2. | Bonnet macaque | 113 | 175 |
| 3. | Nilgiri Langur | 44 | 98 |
| 4. | Common Langur | 25 | 177 |
| 5. | Gaur | 3 | 34 |
| 6. | Sambar deer | 48 | 23 |
| 7. | Spotted deer | 90 | 89 |
| 8. | Barking deer | 3 | 0 |
| 9. | Mouse deer | 9 | 6 |
| 10. | Wild boar | 57 | 62 |
| 11. | Malabar giant squirrel | 53 | 40 |
| 12. | India porcupine | 19 | 21 |
| 13. | Sloth bear | 9 | 2 |
| 14. | Wild dog | 3 | 0 |